# നിറച്ചാർത്ത്

## ഡിജി മാഗസിൻ

അനുമോൾ കെ എസ്

# ഗുരുമൊഴി

വിദ്യാലയത്തിലെന്നും വിദ്യവിതയ്ക്കും
ഗുരുക്കളെന്നും ദൈവങ്ങൾ
വണങ്ങിടേണം എന്നും നമ്മൾ
വന്ദിക്കേണം എപ്പോഴും
ആദ്യം ഭൂവിൽ ചൊരിഞ്ഞമഴപോൽ
ശൂന്യത തിങ്ങിയ മനസ്സുകളിൽ
വാക്കുകൾ നൽകി,അറിവ് നിറച്ചു
നയിച്ചു സ്നേഹപാതകളിൽ
പിന്നെമുളച്ചു തളിരിലെ വീശി
തെളിയും വിദ്യാദീപങ്ങൾ.
ഗുരുതൻ പാദം തഴുകും ശീഖരമാകാൻ
വേണ്ടേ സൗഭാഗ്യം!
എത്രയുഗങ്ങൾ വിടവാങ്ങി മറഞ്ഞു
എത്രമുഖങ്ങൾ ദർശിച്ചു,എന്നാൽ
മറയരുതെന്നും,ആമുഖമാണെൻ
ഗുരുവിനെ സ്നേഹമുഖം
നന്മതൻ സൗരഭ്യം വീശിയവർ,നമ്മെ
ജീവിതനൗകയിലേറ്റിയതല്ലോ
നറുപുഷ്പംപോൽ പുഷ്പദളങ്ങളിലുൾച്ചേരും
മധുപോൽ, എന്നും
വിടരണമെന്നരികിൽ,അധ്യാപകരെന്നും നന്മ
വിടർത്താൻ അക്ഷരമേകാൻ
ഗുരുനാഥ, നിൻ മനസ്സിൽ നിറയും
വിദ്യയെ, സ്നേഹത്തെ നൽകിയ-
നുഗ്രഹിച്ചില്ലേ യുഗങ്ങളോളം

അമിത എം ബി

# ഗോത്ര ഫെസ്റ്റ്

2023 ഫെബ്രുവരിയിൽ നടത്തിയ ഗോത്രഫെസ്റ്റ് എന്ന പരിപാടി വാളേരി സ്കൂളിന്റെ അഭിമാനമായി മാറിയ ഒന്നായിട്ടാണ് എനിക്ക് തോന്നിയത്. 19, 20 എന്നീ തീയതികളിലായി നടത്തിയ ഈ പരിപാടിയിൽ വിശിഷ്ടാതിഥിയായി എത്തിച്ചേർന്നത ഈ വർഷത്തെ പത്മശ്രീ ജേതാവായ ശ്രീ. ചെറുവയൽ രാമൻ ആയിരുന്നു. അദ്ദേഹത്തിന്റെ ജീവിത അനുഭവങ്ങളുടെ ഒരു വിവരണം നടത്തുകയും വിവിധ ഗോത്രവിഭാഗങ്ങളെ കുറിച്ചുള്ള അദ്ദേഹത്തിന്റെ കാഴ്ചപ്പാടും ഇപ്പോഴത്തെ ജീവിതരീതികളിലുള്ള വ്യതിയാനങ്ങളെ കുറിച്ചും അദ്ദേഹം വിലയിരുത്തുകയുണ്ടായി. വയനാടിന്റെ അഭിമാനമാവുകയും ഗോത്രവിഭാഗക്കാരനും കൂടിയായ അദ്ദേഹം പല രാജ്യങ്ങളിലുള്ള ഗോത്രവിഭാഗക്കാരുമായി നടത്തിയ കൂടികാഴ്ചകളെക്കുറിച്ചും ജീവിതരീതികളെക്കുറിച്ചും വളരെ വിശദമായി പ്രതിപാദിച്ചു.

കേരളത്തിലെ ഗോത്രവിഭാഗങ്ങളുടെ ആചാര അനുഷ്ഠാന രീതികളും വിദേശ രാജ്യങ്ങളിലെ വിവിധ ഗോത്രവിഭാഗക്കാരുടെ ജീവിതാനുഭവങ്ങളും അദ്ദേഹത്തിന്റെ അനുഭവങ്ങളുടെ വെളിച്ചത്തിൽ വിശദീകരിച്ചു. വയനാട്ടിലെ ഗോത്രവിഭാഗാംങ്ങവും കർഷകനുമായ അദ്ദേഹം നെല്ലച്ചൻ എന്ന പേരിലും അറിയപ്പെടുന്നുണ്ട്.

വാളേരി സ്കൂളിൽ പഠിക്കുന്ന വിവിധ ഗോത്ര വിഭാഗങ്ങളിലെ കുട്ടികൾ ആട്ടവും, പാട്ടും, കളിയും, ചിരിയുമായി അന്യം നിന്നു പോകുമായിരുന്ന കലാരൂപങ്ങളെ പുനരാവിഷ്കരിച്ച് വലിയൊരു സദസ്സിനു മുമ്പാകെ അവതരിപ്പിച്ചു. ഏകദേശം




ആയിരത്തോളം ആളുകൾ ഗോത്രഫെസ്റ്റിൽ പങ്കെടുക്കുകയും വിവിധ ഗോത്ര വിഭാഗങ്ങളിൽ പെട്ടതും അല്ലാത്തതുമായ ആളുകൾ ഗോത്ര ഫെസ്റ്റിനോട് സാക്ഷ്യം വഹിച്ചു. ഇതിനോടനുബന്ധിച്ച് നടത്തിയ അബെയ്യത്ത് മത്സരത്തിൽ സ്കൂൾ അധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, ജനപ്രതിനിധികൾ, തുടങ്ങിയവരും പങ്കെടുക്കുകയുണ്ടായി. അതിനുശേഷം വടംവലി എന്ന മത്സര പരിപാടി അരങ്ങേറി. ഈ മത്സരത്തിലും അധ്യാപകരും, കുട്ടികൾ, രക്ഷിതാക്കൾ, എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് മത്സരം വളരെ ഗംഭീരമായി നടന്നു. അതിനുശേഷം വയനാട്ടിലെ ഗോത്ര വിഭാഗത്തിൽ പാരമ്പര്യമായി നടന്നുവന്നിരുന്ന നെല്ല് കുത്തും പാട്ടും അവതരിപ്പിച്ചത് വളരെ രസകരമായി.

കൂടാതെ വട്ടക്കളി, തുടിപാട്ട്, അമ്മൻകുടം എന്നിവയും ഗോത്ര കലാമേളയുടെ അവസാനഘട്ടത്തിൽ നാടൻപാട്ട് ഗാനമേള

വയലേല എന്ന ട്രൂപ്പ് അവതരിപ്പിച്ചത ആ സദസ്സിൽ ഉണ്ടായ മുഴുവൻ ആളുകൾക്കും ഉന്മേഷവും ആഹ്ലാദവും പകരുന്ന തരത്തിലുള്ളതായിരുന്നു ഈ ഗാന മേള.

വിവിധ ഗോത്ര വിഭാഗങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള സഹവാസ ക്യാമ്പും സംഘടിപ്പിക്കുകയുണ്ടായി. ഗോത്ര വിഭാഗങ്ങളിലെ ഏറ്റവും പ്രധാനപ്പെട്ട ഭക്ഷണ ഇനമായ പലയിനം കിഴങ്ങുവർഗ്ഗങ്ങൾ ഒരുമിച്ച് ചേർത്തുകൊണ്ടുള്ള പുഴുക്കു ഭക്ഷണം ഈ ഗോത്രമേളയുടെ പ്രത്യേക ആകർഷണം ആയിരുന്നു.



രണ്ടാം ദിവസമായ തിങ്കളാഴ്ച രാവിലെ രണ്ടു കിലോമീറ്റർ ഓളം നടത്തവും ശേഷം യോഗ അഭ്യാസവും നടത്തി. 10 മണിക്ക് വെള്ളമുണ്ട സബ് ഇൻസ്പെക്ടറും കവിയുമായ സാദിർ തലപ്പുഴ സാറിന്റെ മോട്ടിവേഷൻ ക്ലാസ് ഉണ്ടായിരുന്നു. 11 30 മണി മുതൽ പ്രവർത്തി പരിചയ വും ആയി ബന്ധപ്പെട്ട ക്ലോസ്റ്റ ക്ലീനർ നിർമ്മാണം കുട്ടികളെ പരിശീലിപ്പിച്ചു. ത്രേസ്യ ടീച്ചറിന്റെ നേതൃത്വത്തിൽ നടന്ന പരിപാടിക്ക ശേഷം ക്ലോസറ്റ ക്ലീനർ കുട്ടികൾക്ക് തന്നെ സൗജന്യമായി നൽകി. രണ്ടു മണിയോടെ രണ്ടുദിവസത്തെ ഗോത്രഫെസ്റ്റ മഹോത്സവത്തിന് സമാപനം കുറിച്ചു. എന്റെ സ്കൂൾ ജീവിതത്തിലെ മറക്കാൻ പറ്റാത്ത വളരെ വ്യത്യസ്തമായ ഒരു അനുഭവമായി മാറി ഞങ്ങളുടെ സ്കൂളിൽ സംഘടിപ്പിച്ച ഗോത്ര ഫെസ്റ്റ എന്ന പരിപാടി.




RIYONA WILSON

# RADIO

radio is just over a hundred yeard old. It was marconi who invented an instrument to send the wireless message. He sent the first radio message in 1895. This marked the birth of the radio it was infact, developed from the telegraph, which was invented by cooke and wheat stone in 1835 later, it was perfected by morse The word telegraph is derived from the two Greek words telos which means distant and grapho which means to write the invention of the telephone by alexander Graham bell in the year 1876 was another revolutionary step in the field of communication. It became more popular because the person at the other end could hear the speaker's voice.

# കടങ്കഥകൾ

1) ഒരമ്മ പെറ്റതെല്ലാം കറുത്ത പട്ടാളം
കട്ടുറുമ്പ്

2) കാള കിടക്കും കയറോടും
മത്തൻ

3) ഞെട്ടില്ല വട്ടയില
പപ്പടം

4) കിക്കിലുക്കം കിലുകിലുക്കം
ഉത്തരത്തിൽ ചത്തിരിക്കും
താക്കോൽകൂട്ടം

5) ആയിരം കുഞ്ഞുങ്ങൾക്ക് ഒരു പൊന്നരഞ്ഞാണം
ചൂൽ

6) അടിമുള്ള് നടു കാട് തല പൂവ്
കൈതച്ചക്ക

7) കൊക്കിരുന്നു കുളം വറ്റി
റാന്തൽ വിളക്ക്

8) അകത്തുനിന്ന് നോക്കിക്കാണും കാണുന്നതെല്ലാം
ഉള്ളിലാക്കും
ക്യാമറ

നൈസ് തെരേസ്

# സ്വാസ്ഥ്യം

ഈ ജീവിതകഥ പറയാൻ
വെറുമൊരു പിടി
വാക്കുകൾ മാത്രം !
ഈ സാഗരനീലിമയാകെ
കോരിയെടുക്കാൻ
കുറിയൊരളുക്കുകൾ മാത്രം !
ഇതെന്ത് പൂർണതയെന്നറിയുമ്പോഴുമീയസ്വസ്ഥത !
അക്കഥ പറയാൻ വാക്കുകൾ തേടി
അക്കടൽനീലിമ കോരിപ്പകരാൻ ചെപ്പുകൾ തേടി
സർഗസപര്യയിൽ മുഴുകുമൊരസ്വസ്ഥതയിൽ
ഞാനെൻ സ്വസ്ഥത തേടുന്നു !

ശിവാനന്ദ് എം



# സര് സയ്യിദ് അഹ്മദ് ഖാൻ

മുസ്ലിങ്ങൾക്കിടയിൽ ആധുനിക വിദ്യാഭ്യാസത്തിന് പ്രചാരം നൽകിയ അഹന്മദ് ഖൻ മുഹമ്മദൻ ആംഗ്ലോ ഓറിയന്റൽ കോളേജ് സ്ഥാപിച്ച ഇതാണ് പിന്നിട് പ്രസിദ്ധമായ അലിഗഡ് മുസ്ലിം സർവകലാശാല മാറിയത്. ഹിന്ദു ഐക്യത്തെക്കുറിച്ച് അദേഹം ഇങ്ങനെ പറഞ്ഞു ഹിന്ദുക്കളും മുസ്ലിങ്ങളും ഇന്ത്യയുടെ വായു ശ്വസിച്ചും ഗംഗയുടെയും യമുനയുടെയും ജലം പാനം ചെയ്തും ജിവിക്കുന്ന നാം രണ്ടും ഇന്ത്യയുടെ മണ്ണിൽ ഉൽപ്പാദിപ്പിക്കപ്പെടുന്നത് ദക്ഷിക്കുന്നു ജീവിതത്തിലും മരണത്തിലും നാം ഒന്നിച്ചാണ്

റിയോണ വിൽസൺ

# പഴശ്ശിയുടെ അവസാന യാത്ര ....



പഴശ്ശിരാജയുടെ മൃതദേഹം ഞാൻ സഞ്ചരിച്ച പല്ലക്കിലേക്ക് മാറ്റി. രാജപത്നിയെ മറ്റൊന്നിലേക്ക് കയറ്റി. അടുത്തദിവസം മൃതദേഹം ശക്തമായ പട്ടാളകാവലോടെ മാനന്തവാടിക്കയച്ചു. മൃതശരീരത്തോടൊപ്പം അയച്ച ശിരസ്തദാർക്ക് എല്ലാ ബ്രാഹ്മണരെയും വിളിച്ചുവരുത്തി ശവസംസ്കാരം പാരമ്പര്യവിധിപ്രകാരം നടത്തണമെന്ന് നിർദ്ദേശം നൽകിയിരുന്നു. ഇങ്ങനെയൊരു ബഹുമതിക്ക് പഴശ്ശിരാജ അർഹനാണെന്ന് എനിക്ക് തോന്നി...

– ടി.എച്ച്. ബേബർ [സബ് കലക്ടർ മലബാർ]

കണ്ണൂർ,

1805 ഡിസംബർ – 31,

ജോവിയ ആൻസ്

# മായാത്ത കാഴ്ചകൾ

നിലാവില്ലാത്ത രാത്രി.
നദിയിലൂടെ നീങ്ങുന്ന
ചെറുതോണി.
അതിൽ ഏകാകിയായി യാത്ര
ചെയ്യുകയായിരുന്ന
രവീന്ദ്രനാഥടാഗോർ.
മെഴുകുതിരിയുടെ അരണ്ട
വെളിച്ചം.
തണുത്ത കാറ്റ് ഇടയ്ക്കൊന്ന് ആഞ്ഞു
വീശി.
വിളക്കണഞ്ഞു.

അമിത എം.ബി

# കുട്ടു എന്ന വികൃതിക്കാരൻ

ഒരു ദിവസം ഒരു കാട്ടിൽ ഒരു അമ്മ ആനയും ഒരു അച്ഛൻ ആനയും താമസിക്കുന്നുണ്ടായിരുന്നു. പിന്നെ ഒരു ചെറിയ ആനകുട്ടിയും ആനകുട്ടിയുടെ പേര് കുട്ടു എന്നാണ്. കുട്ടു മഹാ വികൃതിയാണ് അമ്മപറയുന്നതും അച്ഛൻപറയുന്നതും ഒന്നും കേൾക്കില്ല. അങ്ങനെ ഒരു ദിവസം ആനകളെല്ലാം ഭക്ഷണത്തിനുവേണ്ടി കാട്ടിലൂടെ സഞ്ചരിച്ചുകൊണ്ടിരിക്കുകയായിരുന്നു. കുട്ടുവും ഉണ്ടായിരുന്നു. കുട്ടു വേഗത്തിൽ എല്ലാവരും മുന്നിലൂടെ ഓടിപ്പോയി അമ്മ ആനയും അച്ഛനാനയും കുട്ടു മോനെ നിൽക്ക് ...... നിൽക്ക് അങ്ങനെ പറഞ്ഞുകൊണ്ടേയിരുന്നു. കുട്ടു ആണെങ്കിൽ അതൊന്നും ശ്രദ്ധിക്കാതെ ഓടടാഓട്ടം അങ്ങനെ കുട്ടു ഓടികൊണ്ടിരിക്കെ ഒരു കുഴി. അവൻഅത് കണ്ടില്ല. അവൻ കുഴിയില്ലേക്ക് ഉരുണ്ടു വീണു. അവൻ അതിന്റെ ഉള്ളിൽനിന്നും അമ്മേ..... അച്ഛാ..... എന്നെ രക്ഷിക്ക്. അമ്മയും അച്ഛനും ഓടിവന്നു. നോക്കുമ്പോൾ അതാ കുട്ടു കുഴിയിൽ. കരയുന്നു. അച്ഛൻ ആന പറഞ്ഞു കുട്ടു നീ വിഷമിക്കണ്ട. അമ്മ ആന ആ കാട്ടിലുള്ള എല്ലാ ആനകളെയും വിളിച്ചു എല്ലാവരും ചേർന്ന് കുട്ടുവിനെ രക്ഷിച്ചു. കുട്ടു അമ്മആനയെയും അച്ഛൻആനയെയും കെട്ടിപിടിച്ചു പറഞ്ഞു ഞാൻ അമ്മയും അച്ഛനും പറയുന്നത് അനുസരിക്കും അങ്ങനെ അവർ വീട്ടിലേക്ക് തിരിഞ്ഞ് നടന്നുപോകുന്നു.

ഇപ്പോൾ മനസ്സിലായില്ലേ കൂട്ടുകാരെ മാതാപിതാക്കളെ ബഹുമാനിക്കണം. പിന്നെ അവർ പറയുന്നത് കേൾക്കണം.

ലക്ഷ്മി

# ഇനി എന്ന് കാണും നിന്നെ

ലോകമേ ക്ഷമിക്കു

എത്ര വർഷമായി ഞാൻ കാത്തിരിക്കുന്നു

അവളുടെ ഒരു വിളി കാത്തിരിക്കുന്നു

എന്റെ അനിയത്തി നീ എവിടെയാണ് ?

ഞാൻ എത്ര നാളായി വിളിക്കുന്നു നിന്നെ

എത്ര വർഷങ്ങൾ, എത്ര ഋതുക്കളെ  ഞാൻ കണ്ടു ,

നിന്നെ ഞാൻ കണ്ടില്ല സഹോദരീ ....

നിന്നെ, എത്ര നാൾ  തേടി നടക്കുന്നു

ഒരു ദിവസം നീ എന്റെ മുൻപിൽ വരു .

എത്ര വർഷമായ്  നീ ഈ ഭൂമിയിൽ നിന്നും വിട പറഞ്ഞു

നിന്നെ കാണാൻ , ഒന്ന് സംസാരിക്കാൻ കൊതിയാവുന്നു

സഹോദരീ ..

നീ തിളങ്ങുന്നു നക്ഷത്രം പോൽ

സൗന്ദര്യമാർന്ന ആ പുഞ്ചിരി കാണാൻ കൊതിക്കുന്നു

സഹോദരീ ഞാൻ

# പ്ലാസ്റ്റിക് എന്ന വിപത്ത്

നമ്മുടെ നാട് പ്ലാസ്റ്റിക്കൊണ്ട് വളരെ അധികം മലിന്യമാക്കുന്നുണ്ട്. പുഴയിലൂടെ ഒഴികി വരുന്ന പ്ലസ്റ്റിക് മാലീന്യങ്ങൾ പ്രകൃതിക്ക് വളരെ അധികം ദോഷകര മാക്കുന്ന പ്ലാസ്റ്റിക് കത്തുന്നത് മൂലം ഓസോൺ പാളിക്ക് ശേഷണം സംഭാവി ക്കുകയും വിള്ളൽ വരുക്കും




ചെയ്യും. അതുപോലെ മണ്ണിന് വളരെ അധികം ദോഷകരം ആവുകയും ചെയ്യുന്നു. പ്ലാസ്റ്റിക് കത്തിക്കുമ്പോൾ ഉണ്ടാക്കന്ന പുക വായു മാലിനീകരണത്തിന് കാരണമാകുകയും അത് ശ്വാസിക്കുമ്പോൾ ശ്വാസകോശ രോഗങ്ങൾക്ക് കാരണമാകുകയും ചെയ്യുന്നു

# അനുസരണയില്ലാത്ത ചങ്ങാതി

പണ്ട് ഒരു കാട്ടിൽ മൂന്ന് ചങ്ങാതിമാർ ഉണ്ടായിരുന്നു. മാലു തത്തയും മിച്ചു മുയലും മിങ്കു കുരങ്ങനും എന്നിവർ ആയിരുന്നു. ഒരിക്കൽ ഒരു ദിവസം മാലുവിന് പെട്ടെന്ന് ഒരു ആഗ്രഹം ഉണ്ടായി കാട്ടിൽ നിന്ന് പട്ടണത്തിലേക്ക് പോകുവാൻ. ഈ കാര്യം മിച്ചുവിനൊട്ടും മിങ്കുവിനൊട്ടും മാലു പറഞ്ഞു പക്ഷേ അവർ പറഞ്ഞത് പട്ടണത്തിൽ പോകുന്നത് വളരെ അപകടം പിടിച്ചതാണ് അതുകൊണ്ട് നീ അവിടെ ക്ക് പോവേണ്ട എന്ന് രണ്ടു പേരും പറഞ്ഞു. പക്ഷേ മാലു വാശിപ്പിടിക്കുകയുണ്ടായി എന്നിട്ട് പറഞ്ഞു കാട്ടിൽ നിന്ന് ഞാൻ മടുത്തു അതു കൊണ്ട് ഞാൻ പട്ടണത്തിലേക്ക് പോവുകയാണ് നിങ്ങൾക്ക് അർക്കെങ്കിലും വരണമെങ്കിൽ വരാവുന്നതാണ്. പക്ഷേ അവർ രണ്ടു പേരും പോയില്ല. പിറന്നിട്ട് അടുത്ത ദിവസം മാലു യാത്ര പറഞ്ഞ് പോയി രണ്ട് പേരും വളരെ വിഷമിച്ചു. അങ്ങനെ കുറച്ചു ദിവസം കഴിഞ്ഞു മാലു പട്ടണത്തിൽ എത്തി. മാലുവിച്ചാരിച്ചു കാട്ടിൽ ജീവിക്കുന്നതിനെക്കാൾ പട്ടണത്തിൽ ജീവിക്കുന്നതാണ് നല്ലത് എന്ന് പക്ഷേ മാലുവിന്റെ വിച്ചാരം അധിക നാൾ നിന്നില്ല

കാരണം ഒരു വീട്ടിൽ കൂറെ നെല്ല് മണികൾ കണ്ടു അത് കഴിക്കാൻ പോയ മാലു അവിടെ പെട്ടു പോയി മറ്റു പക്ഷികളെ പിടിക്കാൻ വച്ച കെണിയിൽ വീണു മാലു അറഞ്ഞില്ല അത് ഒരു കെണിയാണെന്ന്.ആ വീട്ടിലെ ഉടമസ്ഥൻ മാലുവിനെ പിടിച്ചു വീട്ടിലേക്ക് കൊണ്ടുപോയി കാട്ടിൽ ഇരിക്കുന്ന മിച്ചുവിനും മിങ്കുവിനും മാലുവിനെ കാണാതെഒരുപാട് വിഷമിച്ചു.പിന്നീട് അവർ ചിന്തിച്ചു മാലുവിനെ പട്ടണത്തിൽ പോയി അന്വേഷിക്കാം എന്ന് പക്ഷേ നമ്മൾ രണ്ടുപേരും അങ്ങോട്ട് പോയി കഴിഞ്ഞാൽ നമ്മളെ അവിടെയുള്ള മനുഷ്യർ പിടിക്കുമെന്ന് അവർ രണ്ടുപേരും ചിന്തിച്ചു അതുകൊണ്ട് അവർ അങ്ങോട്ട് പോയില്ല പിന്നീട് മാലു ആ മനുഷ്യന്റെ അടിമയെ ജീവിച്ചു



" അതാണ് പറയുന്നത് കുട്ടുകാരും മുതിർന്നവരും പറയുന്നത് ചിലപ്പോഴൊക്കെ അനുസരിക്കണമെന്ന് അല്ലെങ്കിൽ ഇതുപോലുള്ള ആപത്തിൽ വന്നു പെടുമെന്ന് "

# മരം ഒരു വരം

'മരം ഒരു വരം' മരങ്ങൾ നശിപ്പിക്കാതെ നട്ടു പിടിപ്പിക്കാൻ എല്ലാവരും ശ്രമിക്കണം വനനശീകണം അത് തെറ്റാണ് മരങ്ങൾ നമുക്ക് ഉപകാരിയാണ് എന്തിന് നാം കുട്ടികൾ ഉപയോഗിക്കുന്ന പുസ്തകങ്ങൾ പോലും മരം മുറിച്ച് ഉണ്ടാക്കിയതാണ് അക്ഷരങ്ങൾ മാറ്റിയാൽ വൃക്ഷം എന്നും പറയാം ഇവ നമ്മെ ആഗോളതാപനത്തിന്റെ പ്രത്യാഘാതങ്ങൾ ചെറുക്കാൻ സഹായിക്കുന്നുണ്ട് കുന്നുകൾ ഇടിയാതിരിക്കാൻ അവയുടെ വേരുകൾ സഹായിക്കുന്നു നമുക്ക് പല വൃക്ഷങ്ങളും ഫലങ്ങൾ തരുന്നു. നമുക്ക് തണലും പക്ഷികൾക്കും മറ്റ് പല ജീവജാലങ്ങൾക്കും പാർപ്പിടമാവുകയും ചെയ്യുന്നു. എന്തിന് നാം ശ്വസിക്കുന്ന ഓക്സിജന് പോലും മരങ്ങൾ ചെയ്യുന്ന പ്രകാശസംശ്ലേഷണം എന്ന പ്രക്രിയ വഴിയാണ്.

നമുക്ക് മരങ്ങളെ സംരക്ഷിക്കാം പേപ്പറുപയോഗവും മറ്റും കുറയ്ക്കുകയും മരങ്ങൾ വെടിനിരത്തുന്നത് ഒഴിവാക്കുക. മരങ്ങൾ വെച്ചു പിടിപ്പിക്കുക.

# ലഹരിയോട് വിട പറയൂ




ലഹരി ആപത്താണ്.

ഇന്നത്തെ തലമുറ ലഹരിയിലേക്ക് ചായുകയാണ്. വിദ്യാർത്ഥികളെയാണ് ഇന്നത്തെ ഹേരി സംഘങ്ങൾ ഇന്നുംവയ്ക്കുന്നത്. ലഹരി എന്ന ആപത്തിലേക്ക് വീഴാതിരിക്കാൻ സ്കൂളുകളിൽ ലഹരിബോധവൽക്കരണ ക്ലാസുകൾ നൽകുന്നു.

ഇന്നത്തെ തലമുറയെ ലഹരിയിൽ നിന്ന് രക്ഷിക്കാൻ സ്കൂൾ കൗൺസിലിംഗ് ടീച്ചർമാരും എക്സൈസ് ഓഫീസർമാരും ക്ലാസുകൾ നടത്തിവരുന്നു.

ലഹരി ഉപയോഗത്തിലൂടെ മാനസിക നിലതെറ്റുക, മറ്റുള്ളവരെ ഉപദ്രവക്കുക എന്നീ പ്രശ്നങ്ങൾ ഉണ്ടാകുന്നു.

ഇന്നത്തെ കാലത്ത് ലഹരി ഉപയോഗം അതിന്റെ വിൽപ്പനയും വർധിച്ചു വരുന്നു. കേസുകളിൽ പെടുന്നവർ കൂടുതലും വിദ്യാർത്ഥീ വിദ്യാർത്ഥിനികളും യുവതീ യുവാക്കളുമാണ്.

ആൺകുട്ടികൾ മാത്രമല്ല പെൺകുട്ടികളും ഇപ്പോൾ ലഹിരി എന്ന ആപത്തിലേക്ക്തിരിയുന്നു. പഠനത്തിൽ നിന്നു വരെ വഴിമാറി പോകുന്നു. പലഗുരുതര പ്രശ്നങ്ങൾക്കും ഇന്ന് ലഹരികാരണമാകുന്നു.

അതിനാൽ മയക്കുമരുന്ന് എന്ന ലഹരി ഉപേക്ഷിച്ച് മറ്റു ലഹരികളിലേക്ക് മാറുക പഠനം, വായന എന്നീ പല വെടിയുക ജീവിതത്തിലേക്ക് തിരിച്ചു വരിക

# യഥാർത്ഥ സുഹൃത്ത്

അർച്ചന പി ആർ

പണ്ട് ഒരു കാട്ടിൽ കുറെ മൃഗങ്ങൾ ഉണ്ടായിരുന്നു. അവർ സന്തോഷത്തോടെ ജീവിച്ചിരുന്നു. ആ കാട്ടിലെ മൃഗങ്ങൾ പരസ്പരം സഹായിച്ചിരുന്നു. പെട്ടെന്ന് ആ കാട്ടിൽ ഒരു തീപിടുത്തം ഉണ്ടായി. എല്ലാ മൃഗങ്ങളും അങ്ങോട്ടോ ഇങ്ങോട്ടോ എന്നില്ലാതെ ഓടി. ആ സമയത്ത് ആനതുമ്പികൈയിൽ വെള്ളം എടുത്ത് തീയിലേക്ക് ഒഴിച്ചു. അതു കണ്ട് എല്ലാ ആനകളും മറ്റു മൃഗങ്ങളും പക്ഷികളും കൂടി ആ തീയെ അണച്ചു. അങ്ങനെ എല്ലാവർത്തം സന്തോഷമായി എന്നിട്ട് കാട്ടിലെ രാജാവയ സിംഹം പറഞ്ഞു.

ഗുണപാഠം: ആപത്തിൽ സഹായിക്കുന്നവനാണ് യഥാർത്ഥ സുഹൃത്ത്.

ശിഫ ഫാത്തിമ

# പൂമ്പാറ്റ

വർണ്ണ ചിറകുകൾ വീശി

മെല്ലെ പാറിപ്പറന്നു എന്തു

രസമാണ് നിന്നെ കാണാൻ

എന്ത് രസമാണ് പൂമ്പാറ്റെ

വർണ്ണ ചിറകുകൾ വീശി

മെല്ലെ പാറിപ്പറന്നു

പൂമ്പാറ്റ

പൂന്തേൻ ഉണ്ണും പൂമ്പാറ്റെ

പൂമ്പൊടി വീശും പൂമ്പാറ്റെ

വർണ്ണ ചിറകുകൾ വീശി

വരും സുന്ദരി പൂമ്പാറ്റ

സഫ ഫാത്തിമ

# മറക്കാനാവാത്ത യാത്ര

ഞാൻ യാത്ര പോയ സ്ഥലമാണ് മൃഗശാല . ഞങ്ങൾ രാവിലെ ഇവിടെ നിന്ന് പുറപ്പെട്ട് ഏകദേശം ഉച്ചയാകുമ്പോളാണ് അവിടെ എത്തിയത് . ഞങ്ങൾ അഞ്ച് പേരാണ് പോയത്. അങ്ങനെ ഞങ്ങൾ മൃഗഷാലയിൽ പോകുന്ന വഴിയിൽ ഭക്ഷണം കഴിക്കാൻ എറങ്ങി അങ്ങനെ ഞങ്ങൾ ഭക്ഷണം കഴിച്ച് ഇറങ്ങി. പിന്നേയും യത്ര തുടങ്ങി . അങ്ങനെ ഞങ്ങൾ മൃഗ ഷാലയിൽ എത്തി. അവിടെ കുറേയധികം പലതരം മൃഗങ്ങളെ കാണാൻ സാധിച്ചു. പിന്നെ ഞാൻ കണ്ട മൃഗങ്ങൾ ആന, കടുവ, മാൻ, സിംഹം, മുതല, ജിറാഫ്, ഒട്ടക പക്ഷി, കരടി, സീബ്ര്വ, ഗൊറീല, മയിൽ, പാമ്പ് തുടങ്ങിയ എല്ലാ മൃഗങ്ങളേയും അവിടെ കണ്ടു. അങ്ങനെ അവിടത്തെ കാഴ്ച്ചകൾ കണ്ട് ഞങ്ങൾ കണ്ട് തിരികെ വന്നു

# കന്നിയാത്ര

യാത്ര..... എന്നും സന്തോഷവും ഉൻമേഷവും നൽകുന്ന ഒന്ന്. യാത്രകൾ എന്നും എനിക്ക് പ്രിയപ്പെട്ടതായിരുന്നു. പ്രത്യേകിച്ച് പഠനയാത്രകൾ. ഈ യാത്രയിൽ അനുഭവിക്കുന്ന ആനന്ദം ഒന്ന് വേറെ തന്നെയാണ്. എന്നോടൊത്തുള്ള എന്റെ മോളുടെ കന്നിയാത്ര അത്തരത്തിലൊരു പഠനയാത്രയിലായിരുന്നു.

2007-2009 കാലഘട്ടത്തിലെ ടി.ടി.ഐ പഠനയാത്ര . 31 - 1 - 2009 ശനിയാഴ്ച്ച രാത്രി 9 മണിക്ക് മലബാർ T.T.Iയിലെ അധ്യാപക വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും കൂടെയുള്ള പഠനയാത്രയ്ക്ക് ആരംഭം . രാത്രിയുടെ കരാഹസ്തങ്ങളെയും രോമാഞ്ചമണിയിക്കുന്ന തണുപ്പിനെയും വകവെക്കാതെയുള്ള യാത്ര.

ബസ്സിലെ പാട്ടിനൊത്ത് നൃത്തം ചവിട്ടുന്ന കൂട്ടുകാരികളെ നോക്കി ഉറങ്ങുന്ന കുഞ്ഞിനെ മടിയിലിരുത്തി കൊണ്ടുള്ള എൻ്റെ പഠന യാത്ര ഇവിടെ ആരംഭിക്കുന്നു. ഉറങ്ങിയും ഉണർന്നും രാവിലെ 7 മണിയോടെ അടിമാലിയിലെ ആത്മശാന്തി പാസ്റ്ററൽ സെൻ്ററൽ സെൻ്ററിൽ എത്തി. അവരവർക്ക് അനുവദിച്ച മുറികളിൽ കയറി പ്രാഥമിക കർമ്മങ്ങൾ നിർവ്വഹിച്ചു. വിശപ്പിൻ്റെ വിളി നേരത്തേ വയറിനെ ഉണർത്തിയതിനാൽ മോളെയും കൂട്ടി നേരെ ഭക്ഷണ ഹാതിലേക്ക്. പാത്രവുമെടുത്ത് വരിയായി നിൽകുന്നേ കൂട്ടുകാരാ കണ്ടുടെ ഇടയിലേക്ക് ഞാനും കുഞ്ഞും. അവളുടെ വികൃതി അവിടെ തുടങ്ങുകയായി മുന്നിൽ നിൽക്കുന്ന ചേച്ചിമാരുടെ മുടിയിൽ അവൾതലാ കലപരിപാടികൾ ആരംഭിച്ചു. എങ്ങനെയൊക്കെയോ പാത്രത്തിൽ അപ്പവും ഗ്രീൻ പീസ് കറിയും വാങ്ങി കസേരയിൽ പോയിരുന്നു. പിന്നീട് അവളുടെ പരാക്രമം അപ്പത്തോടിയി' ഏറെ പണിപ്പെട്ട് കുഞ്ഞിന് ഭക്ഷണവും കൊടുത്ത് ഞാനും കഴിച്ച് എഴുന്നേറ്റു. ഭക്ഷണ ശേഷം യാത്ര... മൂന്നാറിലെക്ക്. തേയിലത്തോട്ടങ്ങളുടെ മനോഹാരിത മനസ്സിനെ മഞ്ഞ് പിടിപ്പിച്ചു. പിന്നീട് ഇരവികുളത്തേക്ക്. നിർഭാഗ്യമെന്ന് പറയട്ടെ വരയാടുകളെ കാണാൻ കഴിഞ്ഞില്ല. നിരാശയോടെ മടങ്ങുകയല്ലാതെ വെറെ നിർവ്വാഹമുണ്ടായി രുന്നില്ല. ഈ കാര്യമെന്നും എന്റെ

മോളെ ബാധിച്ചില്ല. അവൾ നല്ല സന്തോഷത്തിലായിരുന്നു. പാട്ടിനൊത്ത് നൃത്തം ചെയ്യുക, ഉമ്മ തരാനെത്തിയ ചേച്ചിമാരെ പിച്ചുക, കടിക്കുക, എന്നിവ അവളുടെ വിനോദമായിരുന്നു. വരയാടിനെ കാണാൻ കഴിയാത്ത വിഷമം പള്ളിവാസൻ അണക്കെട്ട് കണ്ടപ്പോൾ ആവിയായി. ആ മനോഹാരിത നന്നായി ആസ്വദിക്കാൻ സമ്മതിക്കാതെ വിശപ്പെന്ന ഭീകര പ കയറി വന്നു. അതി



ന്റെ ആക്രമണം ഇല്ലാതക്കിൻ അവിടെയുള്ള ഹോട്ടലിൽ. ആ തീൻ മേശയിലും നന്ദൂട്ടി (മോൾ) യുടെ കലാപരിപാടി. ഒരു വിധം കുഞ്ഞിന്റെ വയറ് നിറപ്പിച്ച് ബാക്കി ഭക്ഷണം എന്റെ വയറ്റിലുമാക്കി അവിടുന്നും യാത്ര.....

ഈ യാത്ര അവസാനിച്ചത് എക്കോ പോയൻ്റിൽ. വളരെ മനോഹരമായ സ്ഥലം. കാഴ്ച്ചകൾ കണ്ട് നടക്കവെ നണ്ടൂട്ടി ചൊചോച്ചോ..... ച്ചോയിനെ കണ്ട് വാശിപിടിച്ച് കരയൻ തുടങ്ങി. (കോഴിയെയാണ് അവൾ ഇങ്ങനെ പറയുന്നത്.) അവളുടെ വാശിക്ക് മുന്നിൽ കീഴടങ്ങുകയല്ലാതെ വേറെ നിവൃത്തിയില്ലായിരുന്നു. ഒരു മഞ്ഞ നിറമുള്ള കോഴിക്കുഞ്ഞിൻ്റെ പാവയെ വാങ്ങിക്കൊടുത്ത് അവളുടെ കരച്ചിലിന് വിരാമമിട്ടുകൊണ്ട് കുണ്ടറഡാമിലേക്ക്. യൂക്കാലിപ് സ് മരങ്ങൾ തിങ്ങി നിറഞ്ഞ ചെറിയകാട്, കണ്ടൽകാട്ടുകൾ, ആ മനോഹര തീരത്ത് ഒരു ചെറിയ വീടെടുത്ത് താമസിക്കാൻ തോന്നി. പിന്നീട് ഹോസ്റ്റലിലെക്ക് മടക്കം. യാത്രയുടെ ആലസ്യം തണുത്തവെള്ളത്തിലുള്ള കുളായിൽ എങ്ങോ ഓടിമറഞ്ഞു. അത്താഴം കഴിഞ്ഞ് ഉറക്കത്തിലേക്ക്.....

പിറ്റേന്ന് 5 മണിക്ക് പള്ളിമണി കേട്ടാണ് ഉറക്കമുണർന്നത്. ഉറക്കച്ചടവ് മാറിയിരുന്നല്ല. കരണം രാത്രി നണ്ടൂട്ടി രണ്ട് പ്രാവശ്യം കട്ടിലിൽ നിന്ന് വീണതിനാൽ ശരിക്ക് ഉറങ്ങാൻ പറ്റിയില്ല ഉറക്കച്ചടവിനെ തട്ടി മാറ്റി കൊണ്ട് തണുത്ത വെള്ളത്തിൻ്റെ രംഗപ്രവേശം മനസ്സിനെയും

ശരീരത്തെയും ആവേശം കൊള്ളിച്ചു. വീണ്ടും യാത്രയിലേക്ക്.... തട്ടേക്കാട്. അവിടെയും നന്ദൂട്ടിയുടെ വികൃതിക്ക് ശമനമുണ്ടായില്ല. ഇത്തവണ മാനിനോടായിരുന്നു അവളുടെ ആക്രമണം. മാനിൻ്റെ ഭാഗ്യമോ അവളുടെ നിർഭാഗ്യമോ എന്നിയില്ല കമ്പിവേലി മറികടന്ന് മാനിനെ തൊടാൻ



അവളുടെ കുഞ്ഞികൈകൾക്കിയില്ല. പിന്നീട് പക്ഷികളെ കാണാനായുള്ള യാത്ര. അവിടെയും ഭാഗ്യം പിന്തുണച്ചില്ല. പക്ഷികളെ കണ്ടില്ലെങ്കിലും സുന്ദരിയായ പ്രകൃതിയുടെ മറ്റോര് മനോഹര മുഖം ഞങ്ങൾക്കവിടെ കാണാൻ കഴിഞ്ഞു. വിശപ്പിൻ്റെ വിളി അസഹമായ പ്പോൾ വടക്കയാത്ര ഗുരുവായൂർ

പപ്പടം കൂട്ടിയുള്ള ഉച്ചഭക്ഷണത്തിന് ശേഷം മറൈൻ ഡ്രൈവിലേക്ക്. ഇത്തവണ ഹോട്ടലിൽ പപ്പടത്തോടായിരുന്നു നന്ദൂട്ടിയുടെ യുദ്ധം.

സായം സന്ധ്യ നേരത്ത് കൊച്ചി അതീവ സുന്ദരിയായിരുന്നു. കായലിന്റ സൗന്ദര്യം.അവളെ ഒന്ന് കൂടി സുന്ദരിയാക്കി.എന്റെയും മോളുടെയും കന്നി



ബോട്ടു യാത്ര. നീന്തലറിയാവുന്നത് കൊണ്ട് പേടി തോന്നിയില്ല. മറൈൻ ഡ്രൈവ് മുതൽ ബോൾഗാട്ടി പാലസ് വരെ കായലിലൂടെ. തുടർന്ന് കായലിലൂടെ കണ്ട സ്ഥലത്തേക്ക് കാൽനടയാത്രയും. മനസ്സിനെ കുളിരണിയിപ്പിക്കുന്ന മനോഹരമായ കാഴ്ച്ചകൾ. കൊച്ചി കലാകാരൻമാരുടെയും കലാസ്വാദകരുടെയും മസ്സിനെ ഒരുപോലെ കോരിത്തരിപ്പിക്കുന്ന മാദകസുന്ദരി